## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1959

14.08.2017 — ൽ മറുപടിക്ക്

## റേഷൻ കാർഡ് വിതരണത്തിലെ അപാകത

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. രാജു എബ്രഹാം : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡ് വിതരണം നടത്തിയപ്പോൾ നിലവിലുള്ള ബി.പി.എൽ കാർഡുടമകൾ എ.പി.എൽ ആയതു സംബന്ധിച്ചും, അനർഹർക്ക് ബി.പി.എൽ കാർഡ് ലഭിച്ചതു സംബന്ധിച്ചും അർഹർക്ക് അത് ലഭിക്കാത്തതു സംബന്ധിച്ചും നിരവധി പരാതികൾ ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. നിലവിൽ മുൻഗണനാ പട്ടികയുടെ റാങ്കിംഗ് തീരുമാനിച്ചിട്ടുള്ളത് സംസ്ഥാന തലത്തിലാണ്. |
| (ബി) അനർഹരെ ഒഴിവാക്കുമ്പോൾ, ഒരു ജില്ലയിൽ നിന്നും ഒഴിവാക്കപ്പെടുന്നവരുടെ എണ്ണത്തിന് തുല്യമായി അതേ ജില്ലയിലെ തന്നെ അർഹരായവരെ ഉൾപ്പെടുത്തുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും, അങ്ങനെ അർഹർ ആരുമില്ലെന്നുള്ള അവസ്ഥയിൽ മാത്രം അത് മറ്റ് ജില്ലയിലേക്ക് മാറ്റുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

*സെക്ഷൻ ഓഫീസർ*